## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം - 14

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് - ഡോ.സി.റ്റി.അനിൽകുമാർ, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, നെയ്യാറ്റിൻകര - ലീവ് സർട്ടിഫിക്കറ്റ് വിതരണാർഹത പിൻവലിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 1. 20.08.2015 തീയതിയിലെ ജോയിന്റ് ഡയറക്ടറുടെ ആകസ്മിക പരിശോധനയുടെ റിപ്പോർട്ട്.
2. 25.08.2015 തീയതിയിലെ ദക്ഷിണമേഖല ആർ.ഡി.ഡി.യുടെ ആകസ്മിക പരിശോധനയുടെ റിപ്പോർട്ട്.

**ഉത്തരവ് നം. സി1-17221/2015/ഡി.ഐ.എം.എസ്. തീയതി - 27.11.2015.**

നെയ്യാറ്റിൻകര ഇ.എസ്.ഐ.ഡിസ്പെൻസറിയിൽ 20.08.2015-ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ജോയിന്റ് ഡയറക്ടർ നടത്തിയ ആകസ്മിക പരിശോധനയിലും, 25.08.2015 തീയതിയിലെ ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ആകസ്മിക പരിശോധനയിലും അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ആയ ഡോ.സി.റ്റി.അനിൽകുമാർ മെഡിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നത് ക്രമരഹിതമായിട്ടാണ് എന്ന് കണ്ടെത്തിയിരുന്നു. ഇത് സംബന്ധിച്ച് ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട വിശദീകരണത്തിന്മേൽ ഐ.പി.യുടെ അപേക്ഷ പ്രകാരമാണ് സർട്ടിഫിക്കറ്റ് നൽകുന്നതെന്നും അവരുടെ ആവശ്യാർത്ഥം മുൻ തീയതികൾ വച്ച് സർട്ടിഫിക്കറ്റുകൾ നൽകാറുണ്ടെന്നും ക്രമമനുസരിച്ച് മാത്രമേ സർട്ടിഫിക്കറ്റുകൾ നൽകാൻ പാടുള്ളുവെന്ന വസ്തുത അറിയാതെയാണ് അപ്രകാരം നൽകിയിട്ടുള്ളതെന്നും ഡോ.സി.റ്റി.അനിൽകുമാർ മറുപടി സമർപ്പിച്ചിരിക്കുന്നു.

ചെക്ക് ബുക്കിന് സമാനമായി വളരെ സൂക്ഷമതയോടെയും ഉത്തരവാദിത്വത്തോടെയും കൈകാര്യം ചെയ്യേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് ബുക്കുകൾ തികച്ചും നിരുത്തരവാദപരമായും ലാഘവ ബുദ്ധിയോടെയും ക്രമരഹിതമായും കൈകാര്യം ചെയ്ത് സർക്കാരിനും ഇ.എസ്.ഐ.കോർപ്പറേഷനും സാമ്പത്തിക നഷ്ടം വരുത്തിയിട്ടുണ്ടെന്നാണ് മേൽ വിശദീകരണത്തിൽ നിന്നും ബോധ്യമാകുന്നത്.

മേൽ സാഹചര്യത്തിൽ നെടുമ്പന ഇ.എസ്.ഐ.ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറും ഇപ്പോൾ നെയ്യാറ്റിൻകരയിൽ പകരം സംവിധാനത്തിൽ ജോലി ചെയ്യുന്ന മെഡിക്കൽ ഓഫീസറുമായ ആയ ഡോ.സി.റ്റി.അനിൽകുമാറിന്റെ ലീവ് സർട്ടിഫിക്കറ്റ് വിതരണാർഹത പിൻവലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഡോ.എം.ബീനത്ത്
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ഡോ.അനിൽകുമാർ.സി.റ്റി,
അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
ഇ.എസ്.ഐ.ഡിസ്പെൻസറി, നെടുമ്പന.
(ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, നെയ്യാറ്റിൻകര മുഖാന്തിരം)

പകർപ്പ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല, കൊല്ലം.
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, നെയ്യാറ്റിൻകര / നെടുമ്പന.
3. ഡി3 സെക്ഷൻ
4. ബ്രാഞ്ച് മാനേജർ, ഇ.എസ്.ഐ.ബ്രാഞ്ച് ഓഫീസ്, നെയ്യാറ്റിൻകര
5. ഡയറക്ടർ, സബ് റീജിയണൽ ഓഫീസ്, തിരുവനന്തപുരം.
6. ഫയൽ/സ്റ്റോക്ക് ഫയൽ.

MR